നൽകുന്നതിനുവേണ്ടി സംഘം കോഴിക്കോട് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി ആഫീസിലെ 22-10-2008-ലെ സി എസ്. 5866/08 കെ. ഡിസ് നമ്പർ ഉത്തരവു പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രസ്തുത സ്ഥലം വാടകയ്ക്ക് നൽകുന്നതിന് പത്രപരസ്യം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 6 ക്വട്ടേഷനുകളിൽ കൂടുതൽ വാടക നൽകാൻ തയ്യാറായതും മെച്ചപ്പെട്ടതുമായ പട്ടാമ്പിയിലെ കെ.എച്ച്. ഫ്ളോറിംഗ് എന്ന സ്ഥാപനത്തിന് 31-7-2008-ലെ ഭരണ സമിതി തീരുമാനപ്രകാരം 11 മാസത്തേക്ക് വാടകയ്ക്ക് നൽകുവാൻ തീരുമാനിച്ചിരുന്നു. സ്ഥലം വാടകയ്ക്ക് എടുക്കുന്നവരുമായുള്ള വാടക കരാർ സംഘം തയ്യാറാക്കി കോഴിക്കോട് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ആയതിനെ തുടർന്ന് കരാറിലെ അംഗീകരിക്കാൻ പറ്റാത്ത വ്യവസ്ഥകൾ മാറ്റി പുതിയ വ്യവസ്ഥ കൂട്ടിച്ചേർക്കുന്നതിന് നിർദ്ദേശിച്ചു കൊണ്ട് ടി ആഫീസ് അപേക്ഷ തിരിച്ചയയ്ക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ സ്ഥലത്ത് ഏതു സമയവും പൊളിച്ചുമാറാവുന്ന രീതിയിലുള്ള ഒരു താൽക്കാലിക ഷെഡ് നിർമ്മിക്കുവാൻ സംഘം ഭരണ സമിതി സമ്മതിച്ചതിനാൽ കെ.എച്ച്.ഫ്ളോറിംഗ്, പട്ടാമ്പി എന്ന സ്ഥാപനം സംഘത്തിന്റെ സ്ഥലത്ത് താൽക്കാലിക ഷെഡിന്റെ നിർമ്മാണം നടത്തി വരുന്നുണ്ട്.

വനിതാ സഹകരണ സംഘങ്ങൾ

32 (5437) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ സഹകരണ സംഘങ്ങളും മറ്റ് സഹകരണ സ്ഥാപനങ്ങളും തമ്മിലുള്ള വ്യത്യാസം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ ഘടന, സ്വഭാവം എന്നിവ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സഹകരണ നിയമത്തിലെ ചട്ടം 15(10) പ്രകാരം വനിതകളുടെ ഉന്നമനത്തിനായിട്ടുള്ള സാമൂഹ്യ ലക്ഷ്യത്തോടുകൂടി പ്രത്യേകമായി രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളാണ് വനിതാ സഹകരണ സംഘങ്ങൾ. കേരള സഹകരണ നിയമം ചട്ടം 15-ലെ മറ്റു ഉപചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത് മറ്റു വിഭാഗങ്ങളുടെ ഉന്നമനത്തിനായും വായ്പേതര വായ്പാധിഷ്ഠിത പ്രവർത്തനത്തിനായും രജിസ്റ്റർ ചെയ്യപ്പെടുന്നവയാണ് മറ്റു സഹകരണ സ്ഥാപനങ്ങൾ.

(ബി) സംസ്ഥാനത്ത് പ്രാഥമിക തലത്തിൽ ജില്ലയിലെ ഒന്നോ അതിലധികമോ പഞ്ചായത്തുകളോ ഒരു ജില്ലയോ പ്രവർത്തന പരിധിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. ഇവയുടെ അപ്പെക്സ് (കേന്ദ്ര)

LIBRARY ARCHIVES Kerala Legislative Assembly

സംഘമായി കേരള വനിത സഹകരണ ഫെഡറേഷൻ (വനിതാഫെഡ്) സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നു. അംഗങ്ങളുടെ ഇടയിൽ മിതവ്യയവും സഹകാരികതയും സ്വാശ്രയത്വവും പ്രോത്സാഹിപ്പിക്കുക, ക്ഷേമ പ്രവർത്തനങ്ങൾ നടത്തുക, അംഗങ്ങൾക്ക് സ്വയം തൊഴിൽ ലഭിക്കുന്നതിന് തൊഴിലധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുക, വിവിധ മേഖലകളിൽ ജോലി ചെയ്യുന്നതിന് അംഗങ്ങളെ പ്രാപ്തരാക്കുന്നതിനായി പരിശീലനം നൽകുക, വിവിധ ഉൽപന്നങ്ങളുടെ നിർമ്മാണത്തിന് പരിശീലനം നൽകുക, അംഗങ്ങൾ തയ്യാറാക്കുന്ന ഉൽപന്നങ്ങളുടെ വിപണനം നടത്തുക എന്നിവയാണ് ഇത്തരം സംഘങ്ങളുടെ പ്രധാനമായിട്ടുള്ള ഉദ്ദേശ ലക്ഷ്യങ്ങൾ.

കയറുൽപ്പന്നങ്ങൾക്ക് റിബേറ്റ്

33 (5438) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. വിശ്വൻ:
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറുല്പന്നങ്ങളുടെ അഭ്യന്തര വിപണി വിപുലീകരിക്കുന്നിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കേരളത്തിനു പുറത്ത് വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ;

(സി) ഓണക്കാലത്ത് കയറുല്പന്നങ്ങളുടെ വിപണി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കയറുല്പ്പന്നങ്ങൽക്ക് റിബേറ്റ് അനുവദിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ആവിഷ്ക്കരിച്ചിട്ടുണ്ട്.

♦ കയർഫെഡിന്റെയും കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റേയും ഫോംമാറ്റിംഗ്സ് (ഇൻഡ്യാ) ലിമിറഡിന്റേയും ഉൽപന്നങ്ങൾ സംസ്ഥാനത്തുള്ള പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലൂടെ വിറ്റഴിച്ചുവരുന്നു. ഒരു പഞ്ചായത്തിൽ ഒരു കയർ വിൽപനകേന്ദ്രമെങ്കിലും എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

♦ ആകർഷകമായ ഷോറൂമുകൾ എന്നതിലേക്കായി മേൽ മൂന്ന് സ്ഥാപനങ്ങളുടേയും തെരഞ്ഞെടുക്കപ്പെട്ട വില്പനശാലകൾ കയർ ഷോപ്പുകളാക്കി ഉപഭോക്താക്കളെ ആകർഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly